

THURSDAY 17-11-2022 വ്യാഴാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S Editor : Dr Saritha Vijayan K

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-17/11/2022.

1. കൃഷി വിജ്ഞാനകേന്ദ്രം സി പി സി ആർ ഐ കാസർഗോഡ് 2022 നവംബർ 25 മുതൽ 30 വരെ നീണ്ടുനിൽക്കുന്ന സാങ്കേതിക വിദ്യാ വാരാഘോഷവും കാർഷികമേളയും (കൃഷിദർപ്പൻ 2022) നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഇതിനോടനുബന്ധിച്ച് നൂതന കാർഷിക രീതികളും കാർഷിക അനുബന്ധ സാങ്കേതിക വിദ്യകൾ സംബന്ധിച്ച സെമിനാറുകളും കർഷകശാസ്ത്രജ്ഞ സംവാദങ്ങളും കാർഷിക പ്രദർശനവും സംഘടിപ്പിക്കുന്നു.

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി മൂന്നാംഘട്ടത്തിന്റെ ഭാഗമായി കുളമ്പുരോഗ നിയന്ത്രണ പ്രതിരോധ കുത്തിവെയപ്പ് തിരുവനന്തപുരം ജില്ലയിൽ നവംബർ 15 മുതൽ ഡിസംബർ 09 വരെ നടത്തപ്പെടുന്നു. കർഷകർ ഈ അവസരം പ്രയോജനപ്പെടുത്തി നാല് മാസത്തിനു മേൽ പ്രായമുള്ള കന്നുകാലികളേയും എരുമകളേയും പ്രതിരോധ കുത്തിവെയ്പ്പിനു വിധേയമാക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് അറിയിച്ചു. കുത്തിവെയ്പ്പിനായി കർഷകരുടെ വീട്ടുപടിക്കൽ മൃഗസംരക്ഷണ വകുപ്പിലെ അംഗീകൃത വാക്സിനേറ്റർമാർ എത്തുന്നതാണ്. പ്രതിരോധ കുത്തിവയ്പ് സൗജന്യമായിരിക്കുമെന്നും വകുപ്പ് അറിയിച്ചു.

3. കേരള കാർഷിക സർവകലാശാല 2022 – 23 അദ്ധ്യായന വർഷത്തേക്ക് ബിഎസ്സി (ഓണേഴ്സ്) അഗ്രികൾച്ചർ കോഴ്സിന് ഒരു സീറ്റിലേക്ക് കാർഷിക മേഖലയിൽ പ്രാഗൽഭ്യം തെളിയിച്ച് സംസ്ഥാനതലത്തിൽ അവാർഡ് കരസ്ഥമാക്കിയ കർഷക പ്രതിഭയായ വിദ്യാർഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്കും അപേക്ഷ ഫോമിനും കേരള കാർഷിക സർവകലാശാലയുടെ www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 28.11.2012.

4. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുവാനായി ബുക്കിംഗ് സ്വീകരിക്കുന്നു. 130 രൂപ നിരക്കിൽ വിതരണം ചെയ്യുന്ന മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ആവശ്യമുള്ളവർ തിങ്കൾ മുതൽ വെള്ളി വരെ 9 മണി

മുതൽ 5.30 വരെയുള്ള സമയങ്ങളിൽ **0479 2959268, 2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

5. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മുട്ടയുത്പാദനം കഴിഞ്ഞതും ഏകദേശം 4.5 കിലോ ഭാരമുള്ളതുമായ മാതൃ പിതൃ ശേഖരത്തിൽപ്പെട്ട അയ്യായിരത്തിൽപരം കോഴികളെ സ്റ്റോക്ക് തീരുന്നതുവരെ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ വിൽപ്പനയ്ക്കായി തയ്യാറായിട്ടുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0471–2478585, 9495000914** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2022 നവംബർ 22 മുതൽ ഡിസംബർ 02 വരെയുള്ള 10 പ്രവർത്തി ദിവസങ്ങളിലായി ക്ഷീരോത്പന്ന നിർമ്മാണത്തിൽ ഒരു ക്ലാസ്സ് റൂം പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. താത്പര്യമുള്ളവർക്ക് ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ജില്ലാ ഡപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ളോക്ക് ക്ഷീര വികസന ആഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്.പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവരും ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. താത്പര്യമുള്ള പരിശീലനാർത്ഥികൾ 2022 നവംബർ 20 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി 8075028868, 9947775978, 0476 –2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിനെത്തുന്നവർ ആധാർ കാർഡ്, കോവിഡ് വാക്സിനേറ്റഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

7. ഹോർട്ടികോർപ്പിന്റെയും എറണാകുളം ജില്ലയിലെ മഴുവന്നൂർ കൃഷിഭവന്റെയും ആഭിമുഖ്യത്തിൽ **കാർഷിക ഉത്പാദന ക്ഷമതയ്ക്ക് തേനീച്ച പരിപാലനം** എന്ന വിഷയത്തിൽ ഈ മാസം **18,19,21** (നവംബർ 18, 19, 21) തീയതികളിൽ രാവിലെ 10 മുതൽ വലമ്പൂർ പബ്ലിക് ലൈബ്രറി ഹാളിൽ വച്ച് പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. പരിശീലന ക്യാമ്പിൽ 30 കർഷകർക്ക് പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കുന്ന

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കർഷകർക്കു ഹോർട്ടി കോർപ്പ് സർട്ടിഫിക്കറ്റ്, സബ്സിഡി നിരക്കിൽ തേനീച്ച കോളനികൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കും. കൂടുതൽ വിവരങ്ങൾക്ക് **9447910989** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. പട്ടം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **21 മുതൽ 26 വരെയുള്ള** (നവംബർ 21 മുതൽ 26 വരെ) ആറ് പ്രവൃത്തി ദിവസങ്ങളിൽ **ശാസ്ത്രീയമായ പശുപരിപാലനം** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ ഈ മാസം **19-ന് (നവംബർ 19) 5 മണിക്കു മുമ്പായി** പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 125 രൂപ ദിനബത്തയും, ആകെ 100 രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, **0471-2440911** എന്ന ഫോൺ നമ്പരിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

9. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **പശു വളർത്തൽ** എന്ന വിഷയത്തിൽ ഈ മാസം 18-ന് (18/11/2022-ന്) രാവിലെ 10.00 മുതൽ 4.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. പങ്കെടുക്കുന്നവർ **0491- 2815454, 9188522713** എന്ന നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചേയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

10. ചൂടുകൂടിയ അന്തരീക്ഷ സ്ഥിതി തുടരുന്ന കാരണം പയറിൽ ഇലപ്പേൻ, മൂഞ്ഞ, വെള്ളീച്ച എന്നീ നീരൂറ്റിക്കുടിക്കുന്ന പ്രാണികളുടെ ഉപദ്രവം കൂടാനിടയുള്ളതിനാൽ രണ്ട് ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൽഷൻ ഇലയുടെ മുകളിലും അടിയിലും വീഴത്തക്കവണ്ണം രണ്ടാഴ്ച ഇടവിട്ട് തളിച്ച് കൊടുക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

11. കുരുമുളകിൽ ഫൈറ്റോഫ്തോറ ആക്രമണം തടയുന്നതിനായി ബോഡോ മിക്സ്ച്ചർ ഒരു ശതമാനം തളിക്കുക. കോപ്പർ ഓക്സിക്ലോറൈഡ് 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ചെടിയുടെ ചുവട്ടിൽ ഒഴിച്ചു കൊടുക്കുക.

12. മത്തനിൽ പിഞ്ചു കായ്കൾ കൊഴിയുന്നതിനെതിരെ സമ്പൂർണ്ണ, 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക മത്തൻ തോട്ടത്തിൽ കായീച്ചയെ നിയന്ത്രിക്കുവാൻ ഫിറോമോൺ കെണികൾ സ്ഥാപിക്കുക.

13. മുളകിൽ വെള്ളീച്ചയുടെ ആക്രമണം തടയാൻ 2% വെളുത്തുള്ളി മിശ്രിതം തളിച്ചു കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം